പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **200** — 09.06.2014 ൽ മറുപടിയ്ക്ക്

**കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുമന്ദിരങ്ങൾക്കെതിരെയുള്ള ആക്രമണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.എസ്.ജയലാൽ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുമന്ദിരത്തിനും, എസ്.എൻ.ഡി.പി. ഓഫീസുകൾക്കും നേരേ എത്ര അക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ ; | (എ) | മൂന്ന് അക്രമണ സംഭവങ്ങളുണ്ടായിട്ടുണ്ട്. ആറ്മുറിക്കട (ചവറ ടൈറ്റാനിയത്തിന് സമീപം), നെടുങ്ങോലം (പരവൂർ), പാലമുക്ക് (അഞ്ചൽ) എന്നിവിടങ്ങളിലാണ് അക്രമണ സംഭവങ്ങളുണ്ടായിട്ടുള്ളത്. |
| (ബി) | പ്രസ്തുത കേസുകളിൽ എത്രയെണ്ണം തെളിയിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്ര പ്രതികൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ചവറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 465/13, പരവൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 880/14, അഞ്ചൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1903/13 എന്നിങ്ങനെ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ഇതിൽ ചവറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 465/13 ക്രൈം നമ്പർ കേസ് തെളിഞ്ഞിട്ടുള്ളതും, നാല് പ്രതികളിൽ മൂന്ന് പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പരവൂർ പോലീസ് സ്റ്റേഷനിലും അഞ്ചൽ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. ഈ കേസുകൾ അന്വേഷണാവസ്ഥയിലാണ്. |

....2

| | | | |
|---|---|---|---|
| (സി) | പരവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നെടുങ്ങോലം 861-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖാമന്ദിരത്തിൽ പ്രതിഷ്ഠിച്ചിരുന്ന ശ്രീനാരായണഗുരുദേവ പ്രതിഷ്ഠയുടെ മുൻപിലെ കണ്ണാടി തകർക്കപ്പെട്ട സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഈ കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. പരവൂർ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രസ്തുത കേസ് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ